**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1880** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചിൻ യൂണിവേഴ്‌സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചിൻ യൂണിവേഴ്‌സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനായുള്ള കിഫ്ബി പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.<br><br>അഞ്ചു പാക്കേജുകളിലായിട്ടാണ് വിഭാവനം ചെയ്തിരികുന്നത്.ഇതിലെ നിർഷാണ പ്രവൃത്തികൾക്ക് എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.-യെയാണ് ചുമതലച്ചെടുത്തിയിരികുന്നത്.<br><br>**പാക്കേജ് 1**<br><br>തൃക്കാക്കര മെയിൻ ക്യാമ്പസിലുള്ള അക്കാദമിക് കെട്ടിടം(13286 Sqm) ഇന്റർ നാഷ്ണൽ ഗസ്റ്റ് ഹസ് (1337 Sqm) എഞ്ചിനീയറിംഗ് വിഭാഗ കെട്ടിടം (1198 Sqm), സ്വിമ്മിങ് പൂൾ, ഫെസിലിറ്റേഷൻ സെന്റർ (173 Sqm) എന്നിവ ഉൾപ്പെടുന്ന പാക്കേജിന്റെ കിഫ്ബി ഫണ്ട് 63.75 കോടി രൂപയാണ്. കൂടാതെ ക്യാമ്പസ് ഡെവലപ്മെന്റിന് വേണ്ടിയുള്ള വേസ്റ്റ്മാനേജ്മെന്റ്, ഡ്രെയിനേജ് വർക്സ്, വാട്ടർ സപ്ലൈ വർക്ക്സ് എന്നിവയും ഇതിലുൾപ്പെടുന്നു. നിർമ്മാണ പ്രവൃത്തികളുടെ 18% പൂർത്തീകരിച്ചു . ഇതുവരെ 3.16 കോടി രൂപ ചിലവഴിച്ചിട്ടുണ്ടെന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ നിലവിലുള്ള കരാറുകാരനായ മേരിമാതാ പ്രൈവറ്റ് ലിമിറ്റഡിനെ ഒഴിവാക്കി ആർ.ബി.ഡി.സി.കെ പുതിയ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br><br>പ്രവൃത്തി തുടങ്ങിയ തീയതി : 28.09.2019<br><br>പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ്: 24 മാസം<br><br>**പാക്കേജ് 2** |

മറൈൻ സയൻസ് ക്യാമ്പസിൽ സ്ഥിതിചെയ്യുന്ന അക്കാദമിക് ബ്ലോക്ക് കെട്ടിടം, 12.87 കോടി ചെലവിൽ ഏഴ് നിലകളിലായി 2021ൽ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ്. അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിയ്ക്കുന്നതിനുള്ള നട പടികൾ സ്വീകരിച്ച് വരുന്നു. വെസ്റ്റ് കൺസ്ട്രക്റ്റ് ആണ് ഇതിന്റെ കോൺട്രാക്ടർ.

പ്രവൃത്തി തുടങ്ങിയ തീയതി : 01.10.2018

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ് ; 18 മാസം

ഇതിന്റെ 100% പ്രവൃത്തികളും തീർന്നു.

**പാക്കേജ് 3**

അപ് ഗ്രഡേഷൻ ഓഫ് ഇലക്ട്രിക്കൽ സിസ്റ്റം 110 കെ.വി.- ഇതിന് കിഫ്ബി അനുവദിച്ചിരിക്കുന്ന തുക 21.14 കോടി രൂപയാണ്. ഇതിനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

ഒരു വിഭാഗം കളമശ്ശേരിയിൽ നിന്നും 110 കെ.വി. ലൈൻ കുസാറ്റിലേക്ക് ലേ ചെയ്യുന്നതാണ്. ഇത് കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്കായിട്ടാണ് ചെയ്യേണ്ടത്. ഇതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി. തയ്യാറാക്കി വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. രണ്ടാമത്തെ പാർട്ട് ആയ 110 കെ.വി.സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.സീമൻസ് ലിമിറ്റഡ് ആണ് ഇതിന്റെ കോൺട്രാക്ടർ.

പ്രവൃത്തി തുടങ്ങിയ തീയതി : 03.01.2022

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ് 15 മാസം

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള പുതുക്കിയ തീയതി 15.09.2023.

**പാക്കേജ് 4**

സോളാർ റൂഫ് ടോപ്പ് എനർജി ഹാർവെസ്റ്റിങ് - 4.07 കോടിയുടെ കിഫ്ബി ഫണ്ട്.പാക്കേജ് 1ലെ പ്രവൃത്തികൾ പൂർത്തിയാക്കിയശേഷമേ ഇത് ആരംഭിക്കുകയുള്ളൂ എന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലയളവ് : 6 മാസം

| | | | |
|---|---|---|---|
| | | | **പാക്കേജ് 5**<br><br>സ്വിമ്മിഗ് പൂൾ 2.55 കോടിയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ ഇതിന്റെ ആദ്യത്തെ കരാറുകാരനായ എറ്റേണിറ്റി പൂൾസ് ആന്റ് ഗാർഡൻസ് പ്രൈവറ്റ് ലിമിറ്റഡ്, നാലാഞ്ചിറ , തിരുവനന്തപുരം -നെ ഒഴിവാക്കുകയും റീ ടെണ്ടർ 15.06.2023-ൽ ചെയുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ടെന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്.<br><br>പ്രവൃത്തി തുടങ്ങിയ തീയതി : 19.10.2020<br><br>പ്രവൃത്തി പൂർത്തിയാകുന്നതിനുള്ള കാലയളവ് : 12 മാസം<br><br>**പുതിയതായി അനുമതി ലഭിച്ച പ്രവൃത്തികൾ**<br><br>.ഇന്റർ നാഷ്ണൽ ഹോസ്റ്റൽ & ലേഡീസ് ഹോസ്റ്റൽ.<br><br>ഭരണാനുമതിയും സാമ്പത്തിക അനുമതിയും ലഭിച്ച തുക - 30 കോടി<br><br>സാങ്കേതിക അനുമതിയ്ക്കായുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു.<br><br>ട്രാൻസ്ലേഷൻ റിസർച്ച് സെന്റർ<br><br>ഭരണാനുമതി ലഭിച്ച തുക - 25 കോടി<br><br>സാമ്പത്തിക അനുമതിയ്ക്കായുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത നിർമാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്നും എന്ന് പൂർത്തീകരിക്കുമെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുകയെത്രയെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) | (എ)യിൽ നൽകിയിരിക്കുന്നു . |

സെക്ഷൻ ഓഫീസർ